## പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3001

07.02.2018-ന് മറുപടിയ്ക്ക്

## സർക്കാർ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിന് നടപടി

**ചോദ്യം**

ശ്രീ.രാജു എബ്രഹാം
,, പി.കെ. ശശി
,, മുരളി പെരുനെല്ലി
,, കെ.സുരേഷ് കുറുപ്പ്

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് സർക്കാർ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എസ്.എസ്.എ, ആർ.എം.എസ്.എ, ശുചിത്വമിഷൻ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ എന്നിവർ മുഖേനയാണ്. സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ സന്ദർശന വേളയിൽ പ്രസ്തുത സ്കൂളുകളിൽ കെട്ടിടങ്ങൾ, കളിസ്ഥലം, ടോയ്‌ലെറ്റുകൾ, അടുക്കള, കുടിവെള്ള ലഭ്യത എന്നിവ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഉണ്ടെന്ന് ഉറപ്പുവരുത്തുന്നു. അവയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട അധികാരികൾക്ക് നൽകാറുമുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്കൂളുകളിൽ അപാകതകളോ, അപര്യാപ്തതകളോ ഉണ്ടെങ്കിൽ അക്കാര്യം പി.ടി.എ., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.പി.-എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ച് യഥാസമയം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന

സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1) അടിസ്ഥാനസൗകര്യ വികസനം :

- മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
- അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 229 സ്കൂളുകളിൽ 163 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും 70 സ്കൂളുകൾക്ക് കിഫ്ബി മുഖേനയുള്ള ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കൈറ്റിനെ തെരഞ്ഞെടുക്കുകയും കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.
- വിദ്യാഭ്യാസ വകുപ്പിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 127.8 കോടി രൂപ അനുവദിച്ചതിൽ 75 സ്കൂളുകൾക്ക് (എൽ.പി/യു.പി.) ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്.
- ജൈവവൈവിദ്ധ്യ പാർക്കുകൾ: 1200 സ്കൂളുകൾക്ക് മൂന്നുകോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 980 സ്കൂളുകൾക്ക് 10,000/- രൂപ വീതം അനുവദിച്ചു. കൂടാതെ സ്കൂൾ ഗ്രാന്റ് ഇനത്തിൽ എല്ലാ ഗവ. സ്കൂളുകൾക്കും 50,000 രൂപ വീതം അനുവദിച്ചു.
- നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 442 സ്കൂളുകൾക്ക് ഏഴ് ഇനങ്ങൾക്കായി (സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി, അഡീഷണൽ ക്ലാസ്, ടോയ്ലെറ്റ്, കുടിവെള്ളം) 5251 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- ഐഡിയൽ ലാബ് സജ്ജീകരിക്കുന്നതിന് സംസ്ഥാനത്തെ ചുവടെ ചേർക്കുന്ന നാല്

സ്കൂളുകൾക്ക് 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

1) ജി.എച്ച്.എസ്.എസ്. മയ്യിൽ, കണ്ണൂർ.

2) എ.ജി.എച്ച്.എസ്.എസ്. കോടോത്ത്, കാസർഗോഡ്.

3) ജി.എച്ച്.എസ്.എസ്. കോട്ടായി, പാലക്കാട്.

4) ഗവ.ബോയ്സ് എച്ച്.എസ്.എസ്, ഹരിപ്പാട് ആലപ്പുഴ.

2) അക്കാദമിക മികവ് :

- പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഹൈടെക് സ്കൂൾ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.
  സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി പ്രകാരം 4775 സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റാൻ 2016-17 ൽ കിഫ്ബി 493.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018 ജൂൺ ഒന്നിന് മുമ്പ് 45000 ക്ലാസ് മുറികളിലേക്ക് ഐ.സി.റ്റി. ഉപകരണങ്ങൾ വിതരണം ചെയ്യുന്നത് പൂർത്തിയാക്കും വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ 200 പഠന ദിനങ്ങൾ, ലിറ്റിൽ ഗലീലിയോ, ഗണിതവിജയം, മലയാളത്തിളക്കം, നവപ്രഭ, സുരീലി ഹിന്ദി സർഗ്ഗോത്സവം, സ്വതന്ത്ര വായന, ഹലോ ഇംഗ്ലീഷ്, ശ്രദ്ധ, വിഷൻ 100 അക്കാദമിക മാസ്റ്റർ പ്ളാൻ എന്നിവയും പഠനനിലവാരം ഉയർത്തുന്നതിനായി നടപ്പിലാക്കി വരുന്നു.
- സംസ്ഥാനത്തെ എല്ലാ കുട്ടികളുടെയും അക്കാദമിക മികവ് ലക്ഷ്യമിട്ടുകൊണ്ട് ഒരു ജനകീയ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) സർക്കാർ വിദ്യാലയങ്ങളിലെ ക്ലാസ് റൂമുകൾ ഹൈടെക്ക് ആക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഹൈടെക് സ്കൂൾ പദ്ധതി:

സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി പ്രകാരം 4775 സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റാൻ 2016-17 ൽ കിഫ്ബി 493.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018 ജൂൺ

ഒന്നിന് മുമ്പ് 45000 ക്ലാസ് മുറികളിലേക്ക് ഐ.സി.റ്റി. ഉപകരണങ്ങൾ വിതരണം ചെയ്യുന്നത് പൂർത്തിയാക്കും വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) വിവരവിനിമയ സാങ്കേതിക വിദ്യയിലൂന്നിയുള്ള പഠനരീതി വിദ്യാലയങ്ങളിൽ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം വിദ്യാഭ്യാസ മേഖലയിലും പ്രാവർത്തികമാക്കുന്നതിന് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനങ്ങൾ നൽകുന്നുണ്ട്. ഇതിനായി എസ്.സി.ഇ.ആർ.ടി.യുടെ സഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനമാണ് 'സമഗ്ര' ഇ-ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം. ഇതിൽ ഡിജിറ്റൽ വിഭവങ്ങളോടൊപ്പം പാഠാസൂത്രണ രേഖകളും ലഭ്യമാക്കുന്നുണ്ട്. കൂടാതെ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ വിവിധ തരത്തിലുള്ള പഠന വിഭവങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പൊതുവിദ്യാലയങ്ങളുടെ സംരക്ഷണത്തിനായി കിഫ്ബി മുഖേന എത്ര കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ഡി) സംസ്ഥാനത്തെ 4775 സർക്കാർ, എയ്ഡഡ് ഹൈസ്ക്കൂൾ, ഹയർസെക്കന്ററിവൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയ്ക്ക് 493.5 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭിക്കുകയും അപ്രകാരം പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

സംസ്ഥാനത്തെ 138 പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് 677.61 കോടി രൂപയുടെയും 70 സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 209.79 കോടി രൂപയുടെയും ധനസഹായം ഉൾപ്പെടെ 887.4 കോടി രൂപയുടെ ധനസഹായം നിലവിൽ കിഫ്ബി മുഖേന ലഭ്യമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ